	പ്രതിവർഷം 9.75 കോടി രൂപ ഗ്യാരന്റി കമ്മീഷൻ ഇനത്തിലും കോർപ്പറേഷന് ലാഭമുണ്ടായിട്ടുണ്ട്. ഇപ്രകാരം വായ്പ പുനഃക്രമീകരണം നടത്തിയതുമൂലം വായ്പാ തിരിച്ചടവിൽ പ്രതിവർഷം 400 കോടി രൂപയുടെ കുറവ് വരുന്നു.
3	കോർപ്പറേഷന്റെ നിലവിലുള്ള ആസ്തികളുടെ മൂല്യം 3674.13 കോടി രൂപയായി പുനർനിർണ്ണയിച്ചു.
4	കോർപ്പറേഷന്റെ കൈവശത്തിലിരിക്കുന്നവെങ്കിലും വേണ്ടത്ര ഉടമസ്ഥാവകാശ രേഖകൾ ഇല്ലാതിരുന്ന വസ്തുക്കൾക്ക് പട്ടയം ലഭ്യമാക്കി വരുന്നു.
5	വരുമാനം കുറഞ്ഞ 1900 സർവ്വീസുകൾ പുനഃക്രമീകരിച്ച് ലാഭകരമായ സർവ്വീസുകളാക്കി മാറ്റിവരുന്നു.
6	പെൻഷൻ ഫണ്ടിലേയ്ക്കുള്ള കോർപ്പറേഷന്റെ വിഹിതമായ തുക കണ്ടെത്തുന്നതിന് യാത്രക്കാർക്ക് അപകട ഇൻഷുറൻസ് പരിരക്ഷ നൽകുന്നതിനും യാത്രക്കാർക്കുവേണ്ടി ഡിപ്പോകളിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും 15 രൂപയ്ക്ക് മുകളിൽ ടിക്കറ്റ് നിരക്കിൽ യാത്ര ചെയ്യുന്ന യാത്രികരിൽനിന്നും നിശ്ചിത സ്ലാബ് നിരക്കിൽ സാമൂഹ്യസുരക്ഷ സെസ്സ് ഇനത്തിൽ തുക 2015 ഏപ്രിൽ 1 മുതൽ ഈടാക്കുന്നതിന് അനുമതി നൽകി വിജ്ഞാപനം പിറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ സെസ്സ് ഇനത്തിൽ തുക ഈടാക്കുന്നത് വഴി പ്രതിമാസം കെ. എസ്. ആർ. ടി. സി.-ക്ക് 6 കോടിയിൽപരം രൂപ അധികമായി ലഭ്യമാകുന്നുണ്ട്.
7	2008-09 മുതൽ 2013-14 വരെ സർക്കാർ കെ. എസ്. ആർ. ടി. സി.-ക്ക് അനുവദിച്ച് നൽകിയ ആകെ വായ്പാ തുകയായ 1090.75 കോടി രൂപ മൂലധന നിക്ഷേപമാക്കി മാറ്റുന്നതിന് സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്.

കെ. എസ്. ആർ. ടി. സി.-യിൽ കമ്പ്യൂട്ടർ സെക്ഷൻ

282 (2026) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കമ്പ്യൂട്ടർ സെക്ഷനിലേയ്ക്ക് സർവ്വീസിലുള്ള ഉദ്യോഗസ്ഥരിൽ നിന്നും അവസാനമായി അപേക്ഷ ക്ഷണിച്ചതെന്നായിരുന്നു; നിശ്ചയിച്ച യോഗ്യത എന്തായിരുന്നു;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ആയതുപ്രകാരം യോഗ്യരായ എത്ര പേരുടെ അപേക്ഷ ലഭിച്ചു; ഇവരുടെ ലിസ്റ്റ് തയ്യാറാക്കിയിരുന്നോ; എങ്കിൽ ലഭ്യമാക്കുമോ;

(സി) കമ്പ്യൂട്ടർ സെക്ഷനിൽ നോട്ടിഫിക്കേഷൻ പ്രകാരമുള്ള യോഗ്യത യില്ലാത്ത എത്ര പേർ ജോലി നോക്കുന്നുണ്ട്;

(ഡി) അദർ ഡ്യൂട്ടിയിലും, ദിവസവേതനത്തിലും എത്ര പേർ ജോലി നോക്കുന്നുണ്ട്;

(ഇ) യോഗ്യതയില്ലാത്തവരെയും അദർ ഡ്യൂട്ടി, ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെയും ഒഴിവാക്കി യോഗ്യതാ പട്ടികയിലുള്ളവരെ നിയമിച്ച് കമ്പ്യൂട്ടർ സെക്ഷനുകൾ കാര്യക്ഷമമാക്കുമോ?

ഉത്തരം

(എ) കമ്പ്യൂട്ടർ വിഭാഗം പുനഃസംഘടിപ്പിക്കുന്നതിലേയ്ക്ക് താൽക്കാലികമായി ജീവനക്കാരിൽനിന്നും 7-5-2013-ൽ ആണ് അവസാനമായി അപേക്ഷ ക്ഷണിച്ചത്.

PGDCA/3 വർഷ കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് ഡിപ്ലോമ/ തത്തുല്യ യോഗ്യത ആണ് നിശ്ചയിച്ചിരുന്നത്.

(ബി) ആകെ ലഭിച്ച 427 അപേക്ഷകരിൽ യോഗ്യരായ 186 പേരെ ഉൾപ്പെടുത്തി പ്രാഥമിക ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്. ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു*.

(സി) നിലവിൽ കമ്പ്യൂട്ടർ വിഭാഗത്തിൽ ഡാറ്റാ എൻട്രി മാത്രം നടത്തുന്നതിനാൽ പ്രത്യേക യോഗ്യതയുള്ളവരുടെ ആവശ്യമില്ല. ആവശ്യമായ പരിശീലനം നൽകിയാണ് നിയമനം നടത്തുന്നത്.

(ഡി) ട്രാൻസ്പോർട്ട് ഭവനിലെ കമ്പ്യൂട്ടർ സെക്ഷനായ ഇ. ഡി. പി. സെന്ററിൽ യു. പി. എസ്., പ്രിന്റർ എന്നിവയുടെ സർവ്വീസിനായി ഐ. ടി. ഐ. യോഗ്യതയുള്ള 2 കണ്ടക്ടർമാരും ഒരു മെക്കാനിക്കും അദർ ഡ്യൂട്ടിയിൽ ജോലി നോക്കിവരുന്നു. ദിവസവേതന ജീവനക്കാരായി COPA (കമ്പ്യൂട്ടർ ഓപ്പറേറ്റർ & പ്രോഗ്രാമിംഗ് അസിസ്റ്റന്റ്) പാസ്സായ 26 പേർ കെ. എസ്. ആർ. ടി. സി.-യിൽ ജോലി നോക്കുന്നുണ്ട്. ഇതിൽ 3 പേർ ഇ. ഡി. പി. സി.-യിൽ ജോലി നോക്കിവരുന്നവരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഇ. ഡി. പി. സി.-യിൽ ഡാറ്റാ എൻട്രി മാത്രമാണ് നടത്തുന്നത്. ആയതിലേയ്ക്ക് പ്രത്യേകിച്ച് കമ്പ്യൂട്ടർ യോഗ്യത ഒന്നും ആവശ്യമില്ല. ടി ജോലി ചെയ്യുവാൻ താൽപര്യമുള്ളവർക്ക് വേണ്ടത്ര പരിശീലനം നൽകിയാണ് നിയോഗിച്ചിട്ടുള്ളത്. കൂടാതെ, ടി സെക്ഷനിൽ B.Tech-ഉം MCA-ഉം യോഗ്യതയുള്ളവർക്കും ജോലി നൽകിയിട്ടുണ്ട്. കമ്പ്യൂട്ടർ യോഗ്യതയുള്ളവരെ നിയോഗിക്കേണ്ട സാഹചര്യമില്ലാത്തതിനാൽ തൽക്കാലം നിലവിലുള്ള ആരെയും മാറ്റി പുതുതായി നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നില്ല.

കെ. എസ്. ആർ. ടി. സി.-യിൽ കൊറിയർ സർവ്വീസ്

283 (2027) ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൊറിയർ സർവ്വീസ് മുഖേന എത്ര രൂപ വരുമാനം ലഭിച്ചുവെന്നും ഇതിനായി ഏത് കമ്പനിയുമായാണ് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കരാറിൻ പ്രകാരം കമ്പനിക്ക് കെ.എസ്.ആർ.ടി.സി. എന്തെല്ലാം സൗകര്യങ്ങളാണ് സ്റ്റേഷനിൽ നൽകേണ്ടതെന്ന് വ്യക്തമാക്കുമോ;

(സി) കൊറിയർ സർവ്വീസിനായി ഏജൻസികളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡമെന്തെന്നും തെരഞ്ഞെടുക്കപ്പെട്ട കമ്പനികൾക്ക് എത്ര കാലത്തേക്കാണ് കരാർ കാലയളവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 23-10-2015 മുതൽ പ്രവർത്തനം ആരംഭിച്ച കൊറിയർ പാഴ്സൽ സർവ്വീസിൽനിന്നും നാളിതുവരെ സർവ്വീസ് ടാക്സ് ഉൾപ്പെടെ 7,08,000 (ഏഴ് ലക്ഷത്തി എണ്ണായിരം രൂപ) രൂപ വരുമാനം ലഭിച്ചിട്ടുണ്ട്. M/s ടാക്കോൺ കൊറിയേഴ്സ് (Reachon Fast Bus Service) എന്ന കമ്പനിയുമായിട്ടാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്.

(ബി) വാഹന സൗകര്യമുള്ള 120 sqft സ്ഥലം കൊറിയർ പാഴ്സൽ കമ്പനിയ്ക്ക് കൗണ്ടർ സ്ഥാപിക്കുന്നതിന് അനുവദിച്ചുനൽകണം.

(സി) ലേലം/ടെണ്ടർ നടപടികളിലൂടെയാണ് ലൈസൻസികളെ തെരഞ്ഞെടുക്കുന്നത്. തെരഞ്ഞെടുക്കപ്പെട്ട കമ്പനിക്ക് തുടക്കത്തിൽ അഞ്ച് വർഷത്തേയ്ക്കാണ് ലൈസൻസ് കാലയളവ് നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly